## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 518** | **05-10-2021 - ൽ മറുപടിയ്ക്ക്**

## ട്രഷറി വകുപ്പിലെ അക്കൗണ്ടന്റ് തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri K N Balagopal (ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ട്രഷറി വകുപ്പിൽ ജൂനിയർ അക്കൗണ്ടന്റ്, സീനിയർ അക്കൗണ്ടന്റ്, സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ സൂപ്പർ ന്യൂമററി ഒഴികെ റേഷ്യോ നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയാണ്; | (എ) | ഉണ്ട്. 5:5:1 എന്നതാണ് നിലവിലുള്ള റേഷ്യോ. |
| (ബി) | ഇപ്പോൾ ഓരോ ജില്ലയിലും അനുവദിച്ചിട്ടുള്ള ജൂനിയർ അക്കൗണ്ടന്റ്, സീനിയർ അക്കൗണ്ടന്റ്, സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ് തസ്തികകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കാമോ; | (ബി) | തസ്തികകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. നം. ജില്ല ജൂനിയർ അക്കൗണ്ടന്റ് സീനിയർ അക്കൗണ്ടന്റ് സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ്. 1 തിരുവനന്തപുരം 115 125 22 2 കൊല്ലം 46 103 16 3 പത്തനംതിട്ട 71 27 7 4 കോട്ടയം 89 82 9 5 ആലപ്പുഴ 71 99 9 6 ഇടുക്കി 53 26 5 7 എറണാകുളം 97 90 13 8 തൃശ്ശൂർ 74 180 23 9 മലപ്പുറം 86 62 11 10 പാലക്കാട് 64 84 16 11 കോഴിക്കോട് 70 88 18 12 വയനാട് 27 20 4 13 കണ്ണൂർ 50 105 12 14 കാസർഗോഡ് 44 24 4 |
| (സി) | റേഷ്യോ പ്രകാരമുള്ള സീനിയർ അക്കൗണ്ടന്റ് തസ്തികകൾ കുറവുള്ള ജില്ലകൾ ഏതൊക്കെ എന്നു വ്യക്തമാക്കാമോ; എൻട്രി കേഡറായ ജൂനിയർ അക്കൗണ്ടന്റ് തസ്തികകളേക്കാൾ കൂടുതൽ സീനിയർ അക്കൗണ്ടന്റ് തസ്തികകൾ ഉള്ളത് ഏതൊക്കെ ജില്ലകളിലാണ്; ഏതു സാഹചര്യത്തിലാണ് ഈ ജില്ലകളിൽ മാത്രം ജൂനിയർ അക്കൗണ്ടന്റ് തസ്തികകളേക്കാൾ കൂടുതൽ സീനിയർ അക്കൗണ്ടന്റ് തസ്തികകൾ അപ്ഗ്രഡേഷൻ നടത്തിയത് എന്ന് വ്യക്തമാക്കാമോ; | (സി) | ട്രഷറി വകുപ്പിൽ ജില്ലാ തലത്തിൽ റേഷ്യോ നിശ്ചയിക്കുന്നില്ല. മറിച്ച് സംസ്ഥാനതലത്തിലാണ് ജൂനിയർ അക്കൗണ്ടന്റ്, സീനിയർ അക്കൗണ്ടന്റ്, സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ 5:5:1 പ്രകാരം റേഷ്യോ നിശ്ചയിക്കുന്നത്. ഈ സാഹചര്യത്തിൽ ജില്ലാ തലത്തിൽ റേഷ്യോ പാലിക്കുന്നില്ല. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ എൻട്രി കേഡറായ ജൂനിയർ അക്കൗണ്ടന്റ് തസ്തികകളേക്കാൾ കൂടുതൽ സീനിയർ അക്കൗണ്ടന്റ് തസ്തികകൾ നിലവിലുണ്ട്. 6/2016 നു മുൻപ് നടത്തിയിട്ടുള്ള സ്ഥാനക്കയറ്റ ഉത്തരവുകളിൽ അപ്ഗ്രഡേഷൻ/ഡൗൺഗ്രഡേഷൻ നടത്തിയിട്ടുണ്ട്. സീനിയർ അക്കൗണ്ടന്റ് തസ്തികയിൽ സ്ഥാനക്കയറ്റം ലഭിക്കുന്ന ജൂനിയർ അക്കൗണ്ടന്റുമാരെ പരമാവധി അവരവരുടെ ജില്ലകളിൽ നിലനിർത്തുന്നതിന് വേണ്ടി സ്വീകരിച്ച |

| | | | |
|---|---|---|---|
| | | | നയപരമായ സമീപനമായി ഇത്തരം അപ്ഗ്രഡേഷൻ പ്രക്രിയയെ കാണുന്നു. എന്നാൽ ട്രഷറി വകുപ്പിൽ സംസ്ഥാന തലത്തിൽ ജൂനിയർ അക്കൗണ്ടന്റ്, സീനിയർ അക്കൗണ്ടന്റ്, സെലക്ഷൻ ഗ്രേഡ് അക്കൗണ്ടന്റ് എന്നീ തസ്തികകളിൽ 5:5:1 റേഷ്യോ കൃത്യമായി നിലനിർത്തി വരുന്നതിനാൽ പ്രസ്തുത അപഗ്രഡേഷൻ നേരിട്ടു ബാധിക്കുന്നില്ല. |
| (ഡി) | ചില ജില്ലകളിൽ മാത്രം സീനിയർ അക്കൗണ്ടന്റ് തസ്തികകൾ കൂടുതലായി ഡൗൺഗ്രേഡ് ചെയ്യുതുമൂലം ആ ജില്ലകളിൽ ടോട്ടൽ പെർഫോമൻസിൽ കുറവുണ്ടാകുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ എല്ലാ ജില്ലകളിലും കാര്യക്ഷമമായ സേവനം ഉൾപ്പെടുത്തുന്നതിനു സഹായകമാംവിധം സീനിയർ അക്കൗണ്ടന്റ് തസ്തികകൾ കുറവുള്ള ജില്ലകളിൽ, അപ്ഗ്രഡേഷൻ വഴിയോ ട്രാൻസ്ഫർ വഴിയോ കൂടുതൽ സീനിയർ അക്കൗണ്ടന്റ് തസ്തിക ഉറപ്പുവരുത്തുമോ; എങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഇ) | സീനിയർ അക്കൗണ്ടന്റുമാരുടെ എണ്ണത്തിൽ കുറവുള്ള ജില്ലകളിൽ പ്രസ്തുത എണ്ണം ക്രമീകരിക്കുന്നതിനുള്ള നടപടികൾ ട്രഷറി ഡയറക്ടർ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ